സംബന്ധിച്ച് പിന്നെ തീരുമാനിക്കും. നിലവിലുള്ള അവസ്ഥ തുടരണമെന്ന് 31.3.1999-ന് കോടതി താൽക്കാലികമായി ഉത്തരവിടുകയും ഇരു വിഭാഗക്കാരുടേയും വാദം കേൾക്കുന്നതിനായി കേസ് 19.7.1999-ലേയ്ക്ക് മാറ്റിവയ്ക്കുകയും ചെയ്തു. 6.7.1999-ന് പാർട്ടി ആഫീസിൽവച്ച് ആർ.എസ്.പി. യിൽപ്പെട്ടവർ തമ്മിൽ തർക്കമുണ്ടായി. ഇരു വിഭാഗവും മാറിമാറി ഗുണ്ടകൾ എന്നുപറയുകയാണ്. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ഇവരെ വിളിച്ചുവരുത്തി. കോടതി ഉത്തരവു പ്രകാരം ഇന്നത്തെ അവസ്ഥ നിലനിറുത്താമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. പോലീസ് നിഷ്പക്ഷമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തെ സംബന്ധിച്ച് കോടതിവിധി വന്നാൽ ആവശ്യമായ നടപടി സ്വീകരിക്കും. ഇപ്പോൾ സ്റ്റാറ്റസ്കോ നിലനിർത്തും.

**(5) റേഷൻ കടകളിൽ വിലനിലവാരം പ്രദർശിപ്പിക്കണമെന്ന ആവശ്യം**

ശ്രീ. ജോസ് ബേബി : സർ, കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഭാഗമായി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്കും റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് സംസ്ഥാനത്തൊട്ടാകെ വില നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന റേഷൻ അരിക്ക് നിശ്ചയിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ വില വാങ്ങുന്നതായി പരാതി ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള റേഷൻ ഷോപ്പുകളുടെ മുന്നിൽ സാധനങ്ങളുടെ വിലനിലവാരം പ്രദർശിപ്പിക്കണമെന്ന് നിലവിൽ നിയമമുണ്ട്. നിയമം ഉണ്ടെങ്കിൽപ്പോലും ചില സ്ഥലങ്ങളിൽ അത് കർശനമായി പാലിക്കുകയോ നടപ്പിലാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. റേഷൻ സാധനങ്ങളുടെ വില റേഷൻ കടകളുടെ മുന്നിൽ നിർബന്ധമായും പ്രദർശിപ്പിക്കാൻ ആവശ്യമായ കർശന നടപടികൾ ഉണ്ടാകണം. ആ വ്യവസ്ഥ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ വേണ്ടി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ ആ ജോലി ചെയ്യുന്നില്ലെങ്കിൽ അവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ എല്ലാ റേഷൻ കടകളിലും ഒരേ തരത്തിൽ വിലനിലവാരം പ്രദർശിപ്പിക്കുന്നതിന് ബോർഡുകൾ വയ്ക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : നിലവിലുള്ള റേഷനിംഗ് ഓർഡർ അനുസരിച്ച് എല്ലാ റേഷൻ കടകളിലും സാധനങ്ങളുടെ വില എക്സിബിറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. വെറൈറ്റിയെക്കുറിച്ചുള്ള വിവരങ്ങളും പ്രദർശിപ്പിക്കേണ്ടതായിട്ടുണ്ട്; എന്നു മാത്രമല്ല ഓരോ ആഴ്ചയും റേഷൻ അലോട്ടു ചെയ്യുമ്പോൾ അതാതു സ്ഥലത്തെ പഞ്ചായത്തുകളെ സാധനങ്ങളുടെ വില, വെറൈറ്റി ഇതെല്ലാം അറിയിക്കണമെന്നും നിബന്ധനയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പലയിടത്തും അത് ചെയ്യുന്നില്ല. ഇതൊക്കെ സൂപ്പർവൈസ് ചെയ്യേണ്ടത് അവിടത്തെ റേഷനിംഗ് ഇൻസ്പെക്ടർമാരും ടി.എസ്.ഒ. മാരുമാണ്. അവർക്ക് ഇക്കാര്യങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കാം. ഇടയ്ക്കു സർപ്രൈസ് ഇൻസ്പെക്ഷൻ സ്കാഡിനെ അയച്ച് പരിശോധന നടത്തി എവിടെയെങ്കിലും ഇത്തരത്തിൽ ബോർഡ് പ്രദർശിപ്പിക്കാതെയുണ്ടെങ്കിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly